കൊല്ലം-കണ്ണനല്ലൂർ-ആയൂർ റോഡിന്റെ നിർമ്മാണ പ്രവർത്തനം

84 (1394) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ലോകബാങ്കിന്റെ സാമ്പത്തിക സഹകരണത്തോടുകൂടി കൊല്ലം-കണ്ണനല്ലൂർ-ആയൂർ റോഡിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

നടപടിക്രമങ്ങൾ പൂർത്തിയാക്കി ഈ വർഷം തന്നെ ഈ റോഡിന്റെ പണികൾ ആരംഭിക്കുന്നതാണ്.

ഉമയനല്ലൂർ-പുതുച്ചിറ-അയത്തിൽ റോഡിന്റെ നിർമ്മാണപ്രവർത്തനം

85 (1395) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2002-03-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ കൊല്ലം ജില്ലയിലെ ഉമയനല്ലൂർ-പുതുച്ചിറ-അയത്തിൽ റോഡിന്റെ നിർമ്മാണപ്രവർത്തനം ആരംഭിക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

ഉമയനല്ലൂർ-പുതുച്ചിറ-അയത്തിൽ റോഡിന്റെ നിർമ്മാണപ്രവർത്തനം സംബന്ധിച്ച നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

കെ.എസ്.ടി.പി.യുടെ മരാമത്ത് പണി

86 (1396) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണന്തല മുതൽ കൊട്ടാരക്കര വരെ എത്ര കിലോമീറ്റർ റോഡാണ് കെ.എസ്.ടി.പി. പ്രകാരം പണി ചെയ്യുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ബി) എന്തൊക്കെ പണികൾ എത്ര തോതിൽ നടത്തുന്നതിനാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പണിയുടെ മൊത്തം തുക എത്രയാണെന്നും കിലോമീറ്ററിന് എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നതെന്നും വിശദമാക്കുമോ ;

(ഡി) പണി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ഇ) കലുങ്കുകളും ഔട്ട്ലെറ്റുകളും പണിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) എസ്റ്റിമേറ്റിൽ ഉൾപ്പെടാത്തതും എന്നാൽ അടിയന്തിരമായും റോഡിന്റെ സുരക്ഷയ്ക്കുവേണ്ടി ചെയ്യേണ്ടതായ പണി ചെയ്യിക്കുവാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്കോ സൂപ്രണ്ടിംഗ് എഞ്ചിനീയർക്കോ അധികാരമുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത പണികൾ ഉൾപ്പെടുത്താൻ എന്ത് നടപടി സ്വീകരിക്കണം എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ)

1. മണ്ണന്തല മുതൽ തൈക്കോട് വരെ 15 കി.മീ. (ഹെവി മെയിന്റനൻസ്)

2. തൈക്കോട് മുതൽ കൊട്ടാരക്കര വരെ 46 കി.മീ. (അപ്ഗ്രഡേഷൻ ഒന്നാം ഘട്ടം)

(ബ&സി) K.S.T.P. ചില റോഡുകളിൽ അപ്ഗ്രഡേഷൻ പണികളും ചില റോഡുകളിൽ ഹെവി മെയിന്റനൻസ് പണികളുമാണ് ചെയ്യുന്നത്. അപ്ഗ്രഡേഷൻ ചെയ്യാനുള്ള റോഡുകളിൽ പുതിയ പാലങ്ങൾ പണിയുക, വീതി കുറഞ്ഞ പാലങ്ങൾ വീതി കൂട്ടുക, ആവശ്യമുള്ള സ്ഥലങ്ങളിൽ കലുങ്കുകളും ഓടയും പണിയുക, പ്രധാനപ്പെട്ട കവലകൾ വികസിപ്പിക്കുക, ഫുട്പാത്തുകൾ, കേബിൾ ഡക്ടുകൾ തുടങ്ങിയവ പണിയുക, ഓക്സ്ബോ ലാൻഡുകൾ വികസിപ്പിക്കുക, റോഡ് വീതി കൂട്ടി ടാറിംഗ് ചെയ്യുക, വളവുകൾ നിവർത്തുവാനും വീതി കൂട്ടുവാനും സ്ഥലം അക്വയർ ചെയ്യുക എന്നിവയാണ് പ്രധാനപ്പെട്ട ജോലികൾ ഈ റോഡുകളിൽ 50 ശതമാനം 10 മീറ്റർ വീതിയിലും 50 ശതമാനം 7 മീറ്റർ വീതിയിലുമാണ് ടാറിംഗ് ചെയ്യുന്നത്. കൂടാതെ റോഡിന്റെ ഇരു വശങ്ങളിലും 2.50 മീറ്റർ വീതം ഹാർഡ് ഷോൾഡറും ചെയ്യുന്നുണ്ട്. പുതിയ റോഡ് നിർമ്മിക്കുന്ന സ്ഥലങ്ങളിലും വീതി കൂട്ടുന്ന സ്ഥലങ്ങളിലും 52 സെ.മീ. ആകെ കനം ഉള്ള നാല് വ്യത്യസ്ഥ ലെയർ ആയി ആണ് നിർമ്മിക്കുന്നത്. ഇപ്രകാരമുള്ള എല്ലാ പണികൾക്കും കൂടി ശരാശരി 1½ കോടി രൂപയോളം ഒരു കിലോമീറ്ററിന് ചിലവ് വരും. ഹെവി മെയിന്റനൻസ് ചെയ്യുന്ന റോഡുകളിൽ 12 സെ.മീ. ശരാശരി കനത്തിൽ ടാറിംഗ് ചെയ്യാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതോടനുബന്ധിച്ച് കലുങ്കുകളുടെയും ഓടകളുടെയും റിപ്പയറിംഗ്, സൈൻ ബോർഡുകൾ, റോഡു മാർക്കിംഗ് തുടങ്ങി വിവിധ അനുബന്ധ ജോലികളും ഉൾപ്പെടെ ഒരു കിലോമീറ്ററിന് 30-35 ലക്ഷം രൂപ ചെലവ് വരും. തിരുവനന്തപുരം മുതൽ തൈക്കോടു വരെയുള്ള റോഡിന്റെ ഹെവി മെയിന്റനൻസിന് 5 കോടി 39 ലക്ഷം രൂപയും തൈക്കോടു മുതൽ കൊട്ടാരക്കര വരെ ഒന്നാം ഘട്ടം 46 കി.മീ. ഉൾപ്പെടെ 4 റോഡുകൾക്ക് (127 കി.മീ.) ആകെ 215 കോടി 49 ലക്ഷം രൂപയും ചെലവുണ്ടാകും.

(ഡി) മെയിന്റനൻസ് പണികൾ അവസാന ഘട്ടത്തിലും അപ്ഗ്രഡേഷൻ പണികൾ പ്രാരംഭഘട്ടത്തിലുമാണ്.

(ഇ) ഉണ്ട്.

(എഫ്) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly